# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 345 21.06.2019- ൽ മറുപടിക്ക്**

## കൈത്തറി വ്യവസായ വിപുലീകരണത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി**<br>**ശ്രീ. സി. കൃഷ്ണൻ**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ. മുരളി പെരുനെല്ലി** | **ശ്രീ. ഇ. പി. ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) അദ്ധ്വാനത്തിന് തക്കതായ പ്രതി ഫലം ലഭിക്കാത്തതിന്റെ പേരിൽ പുതുതലമുറയിൽപ്പെട്ടവർ കൈത്തറി നെയ്ത്ത് മേഖലയിലേയ്ക്ക് കടന്നു വരാത്ത സാഹചര്യത്തിൽ താല്പര്യ മുള്ള യുവാക്കൾക്ക് പ്രോത്സാഹനം നൽകുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള യുവ വീവ് പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമാണ്; | (എ) കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി മേഖല. എന്നാൽ പല കാരണങ്ങളാൽ ഈ മേഖലയിൽ നിന്നും ധാരാളം തൊഴിലാളികൾ വിട്ടു പോകുന്നു. മാത്രമല്ല, നിലവിലെ നെയ്ത്തു തൊഴിലാളികളിൽ ബഹു ഭൂരിപക്ഷം പേരും 50 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. ഈ സാഹചര്യത്തിലാണ് യുവതലമുറയെ കൈത്തറി മേഖലയിലേക്ക് കൊണ്ടു വരുന്നതിനായി യുവവീവ് പദ്ധതി 2017-18 സാമ്പത്തിക വർഷം മുതൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്.<br><br>2016-17 കാലഘട്ടം മുതൽ നടപ്പിലാക്കിയ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി കൂടുതൽ നെയ്ത്തുകാരെ കണ്ടെത്തുകയെന്ന ലക്ഷ്യവും ഈ പദ്ധതിക്കുണ്ടായിരുന്നു.<br><br>പ്രാഥമിക വിദ്യാഭ്യാസ യോഗ്യതയുള്ള 18 നും 40 നും ഇടയിൽ പ്രായമുള്ള യുവതീയുവാക്ക ളെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താ |

ക്കളായി തെരഞ്ഞെടുക്കുന്നത്. കുടുംബശ്രീ യുമായി യോജിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. 20 പേർ വീതമടങ്ങിയ ഓരോ ബാച്ചിനും ആദ്യഘട്ടമായ 3 മാസത്തെ പരിശീലനത്തിന്റെ ആരംഭത്തിൽ 10 തറികൾ വീതവും, അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിനായി ഒരു ലക്ഷം രൂപയും നൽകുന്നു. മാസ്റ്റർ വീവർ, അസിസ്റ്റന്റ് മാസ്റ്റർ വീവർ എന്നിവരുടെ സേവനം 3 മാസത്തേക്ക് ഓരോ ബാച്ചിനും നൽകി വരുന്നു. ആദ്യഘട്ട പരിശീലന കാലയളവിൽ ഒരു ദിവസം 200 രൂപ വീതം മാസം 25 ദിവസം എന്ന കണക്കിൽ 3 മാസത്തേക്ക് സ്റ്റൈപ്പന്റും നൽകുന്നു. 3 മാസത്തെ പരിശീലനത്തിനു ശേഷം ഓരോ ബാച്ചിനും വീണ്ടും 10 തറികൾ വീതം നൽകുന്നു.

പരിശീലനത്തിന്റെ രണ്ടാം ഘട്ടമായ മൂന്നു മാസത്തെ ഇൻക്യൂബേഷൻ കാലത്തിൽ പരിശീലനം ലഭിച്ചവർ ഉൽപന്നങ്ങൾ നിർമ്മിക്കുവാൻ ആരംഭിക്കുന്നു. ഇവർക്ക് വേതനമായി പ്രതിദിനം 125 രൂപ വീതം മാസം 25 ദിവസം എന്ന നിരക്കിൽ 3 മാസത്തേക്ക് കൂലിയോടൊപ്പം നൽകുന്നു.

ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തറികളും നിർമ്മിച്ചു നൽകുന്നത് പൊതുമേഖലാ സ്ഥാപനമായ കാഡ്കോ വഴിയാണ്.

ഈ പദ്ധതിയിലൂടെ ലഭിക്കുന്ന തറിയിൽ കുറഞ്ഞത് 5 വർഷമെങ്കിലും നെയ്തിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിൽ വീഴ്ച വരുത്തുന്ന പക്ഷം അത്തരം തറികൾ ഏറ്റെടുത്ത് നെയ്ത്തു തൊഴിലിൽ ഏർപ്പെടുവാൻ തയ്യാറാകുന്നവർക്ക് നൽകും.

കഴിഞ്ഞ വർഷം കോഴിക്കോട്, കൊല്ലം, കോട്ടയം, പാലക്കാട്, തിരുവനന്തപുരം, ഇടുക്കി, ആലപ്പുഴ , മലപ്പുറം എന്നീ ജില്ല കളിലായി 20 പേരടങ്ങുന്ന 15 ബാച്ചുകളിലായി

300 പേരെ പരിശീലനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടം പരിശീലനം എല്ലാ ബാച്ചുകളും പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ടത്തിലെ ഉത്പന്ന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിലും യുവവീവ് പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) നെയ്ത്തുകാരുടെ പുനരുദ്ധാരണത്തിനുള്ള വീട്ടിലൊരു തറി പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) കൈത്തറി നെയ്ത്തു സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും എന്ന പദ്ധതിയുടെ കീഴിൽ 2017-18 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ **'ഒരു വീട്ടിൽ ഒരു തറി'** എന്ന പദ്ധതി പ്രകാരം, നെയ്ത്തു അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുക(പരമാവധി 40000/- രൂപ) സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം 72 പുതിയ തറികൾ വാങ്ങുവാൻ 28.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ മേൽപ്പറഞ്ഞ പുതിയ തറികൾ വാങ്ങി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. 2019-20 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) വിദേശ രാജ്യങ്ങളിലും രാജ്യത്തിന്റെ ഇതരഭാഗങ്ങളിലും കൈത്തറി ഉല്പ ന്നങ്ങളുടെ വിപണി കണ്ടെത്തി വ്യവസായ വിപുലീകരണത്തിന് പദ്ധ തിയുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

(സി) വിദേശ രാജ്യങ്ങളിലും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും കൈത്തറി ഉത്പന്നങ്ങളുടെ വിപണി വിപുലീകരണത്തിനായി "കൈത്തറി കയറ്റുമതി വിപണന പ്രോത്സാഹന" പദ്ധതി (വിറ്റുവരവിന്റെ 20% പരമാവധി 20 ലക്ഷം രൂപ) നിലവിലുണ്ട്. കൈത്തറി വസ്തുങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്ത പ്പെടുന്നതും വിദേശ രാജ്യങ്ങളും മറ്റു സംസ്ഥാനങ്ങളും പങ്കെടുക്കുന്നതുമായ ഇൻഡ്യ ഇന്റർ നാഷണൽ ട്രേഡ് ഫെയർ, നാഷണൽ ഹാന്റ്ലൂം എക്സ്പോ ഉൾപ്പെടെയുള്ള ദേശീയ അന്തർ ദേശീയ എക്സിബിഷനുകളിൽ പങ്കെടുത്ത് ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്ന തിനും വിറ്റഴിക്കുന്നതിനുമായി പ്രാഥമിക കൈത്തറി സംഘങ്ങൾക്കും അപ്പക്സ്, പൊതുമേഖലാ സ്ഥാപനങ്ങൾക്കും ധന സഹായം നൽകി വരുന്നു. ഇതിനായി മുൻ വർഷങ്ങളിലേതു പോലെ ഈ വർഷവും തുക വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ